# <u>അബൂലഹബ്</u>

ഈ പേരുകേട്ടാൽ നമ്മുടെ മനസ്സിലേക്കു ഓടിവരിക നബിയെ എതിർക്കുകയും ഉപ
ദ്രവിക്കുകയും ചെയ്തിരുന്ന അബൂലഹബ് എന്ന ഒരു വ്യക്തിയെയാണ് .അയാൾ നബി
യുടെ കാലത്തെ ഏറ്റവും വലിയ സമ്പന്നനായിരുന്നു .അയാൾ ഇസ്ലാമിനേയും നബി
യേയും എതിർക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യ കഴുത്തിൽ ഒരു കയറുമിട്ട്
മലയിലേക്കുപോയി മുള്ളു ചുമന്നുകൊണ്ടുവന്നു നബി നടക്കുന്ന വഴിയിലിട്ടിരുന്നു.ക
ഥയിൽ ചോദ്യം ഇല്ല എന്നു പറഞ്ഞതുപോലെ ഇവിടെയും സംശയങ്ങൾ ഒരുപാടുണ്ട്
പക്ഷെ ചോദിച്ചു പോകരുത് നിഷേധിയായും .ഏതായാലും ഇയാളുടെ കയ്യും രണ്ടും
നശിക്കട്ടെ എന്നു അല്ലാഹു പറയുന്നു .അങ്ങിനെ അവൻ നശിക്കുന്നു.അവന്റെ സ്വ
ത്ത് നശിക്കുന്നു.വിറക് ചുമന്നു നടക്കുന്നവളായ അദ്ദേഹത്തിന്റെ ഭാര്യയും നശിക്കു
ന്നു. അങ്ങിനെ നബിയും ഇസ്ലാമും രക്ഷപ്പെടുന്നു. എന്തൊരു രസമുള്ള കഥ?

ഇനി ഈ അധ്യായത്തിൽ എന്താണ് പറയുന്നത് എന്നു നമുക്കു പരിശോധിക്കാം.
ല – ഹ- ബ =തീവ്രമായി/ക്രൂരമായി ജ്വലിക്കുക,ചുട്ടുപഴുക്കുക,കോപംകൊണ്ട് കത്തുക
തീയിന്റെ ചൂട്,ജ്വാല എന്നിവയാണ് ലഹബ എന്ന പദത്തിന്റെ അർത്ഥം.
തെളിവിനായി താഴെ പറയുന്ന വചനങ്ങൾ ഒന്നു പരിശോധിക്കുക ആദ്യമായി
77/31 പരിശോധിക്കുക .

لَّا ظَلِيلٍ وَلَا يُغْنِي مِنَ اللَّهَبِ ﴿٣١﴾

111/3

سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾

ഇനി നമുക്കു യദ് എന്ന പദം ഒന്നു പരിശോധിക്കാം.48/10 നോക്കുക

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن
نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ ۖ وَمَنْ أَوْفَىٰ بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ
أَجْرًا عَظِيمًا ﴿١٠﴾

"അല്ലാഹുവിന്റെ <u>കൈ</u> അവരുടെ <u>കൈകളുടെ</u> മുകളിലാണ്".

നമ്മളിലെ ഓരോരുത്തർക്കും(അഹ്ല് കിതാബ് ,ഖുർആൻ വിശ്വാസി)വളരെ എളുപ്പ
ത്തിൽ ഖുർആൻ മനസ്സിലാക്കാൻ കഴിയും ഖുആനിക വചനങ്ങളുടെ ശരിയായ അർ
ത്ഥം മനസ്സിലാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക

1) ആ വചനത്തിന്റെ സന്ദർഭം ശ്രദ്ധയോടെ വായിക്കുക

2) ഖുർആനിക സന്ദേശത്തിന്റെ അകക്കാമ്പിൽ പരിമിതപ്പെടുത്തുക(അത് മനുഷ്യാവകാശങ്ങളുടെ സംരക്ഷണമാണ്)
3) ഖുആനിലെ മറ്റുസ്ഥലങ്ങളിൽ വന്ന സദൃശങ്ങളായ വചനങ്ങൾ കണ്ടെത്തുക (തസ്വ് രീഫുൽ ആയാത്ത്)
4) ഖുർആനിക വചനങ്ങളുടെ ആശയം മനസ്സിലാക്കാൻ വിപരീത പദം ഉപയോഗിക്കുക.
5) അർത്ഥങ്ങൾ മനസ്സിലാക്കാൻ നിഘണ്ടു നോക്കുക
6) അറബി വ്യാകരണ നിയമങ്ങളിൽ ശ്രദ്ധാലുക്കളാവുക
7) പ്രാപഞ്ചിക/പ്രകൃതി നിയമങ്ങൾക്കും മൂല്ല്യങ്ങൾക്കും യോജിക്കുന്നതാണോ എന്നു നോക്കുക
8) **നിർബന്ധമായും ചരിത്രങ്ങൾ ഒഴിവാക്കുക ,പ്രത്യേകിച്ച് ഹദീസുകൾ/റിപ്പോർട്ടുകൾ /അവതരണ കാരണങ്ങൾ എന്നിവ.**

ഇനി നമുക്കു സൂറ ലഹബ് (111)ഒന്നു വ്യക്തമാക്കാം.

لَهَب = തീപ്പൊരി . ജ്വാല

أَبِي لَهَب =തീപ്പൊരി/അഗ്നി/ ജ്വാല/യെ അഭിമുഖീകരിക്കുന്ന വ്യക്തി.
يَدَا =സഹായം,/ശക്തി 38/45 ൽ അല്ലാഹു പറയുന്നതു കാണുക
وَاذْكُرْ عِبَادَنَا إِبْرَاهِيم وَإِسْحَاقَ وَيَعْقُوبَ أُلِي الأَيْدِي
امْرأ =കൂട്ടുകാർ ,സമുദായം, വിഭാഗം.(52/21)كُلُّ امرئِ بِمَا كَسَب رَهِين
امْرَأَتُهُ =അദ്ദേഹത്തിന്റെ വിഭാഗത്തിൽ പെട്ട ജനങ്ങൾ. അല്ലെങ്കിൽ അദ്ദേഹത്തിന്റെ അടുത്ത കൂട്ടുകാർ.
حَمَّالَة = ഒരു ദൗത്യം അല്ലെങ്കിൽ ചുമതല വഹിക്കുക. 29/12 നോക്കുക
وَمَاهُم بِحَامِلِينَ مِن خَطَايَاهُمْ مِن شَيْءٍ
الْحَطب = ഇന്ധനം ,72/15 നോക്കുക.وَأَمَّا الْقَاسِطُونَ فَكَانُوا لِجَهَنَّمَ حَطَبًا
സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ തർക്കം ഉണ്ടാക്കുന്നതിനുള്ള വിടവുണ്ടാക്കുക.
حَبْل = രീതികളും വഴികളും ഉദാ:فَأَلْقَوْا حِبَالُهُم وَعِصِيَّهُمْ
وَاعْتَصِمُوا بِحبْلِ اللَّهِ جَمِيعًا وَلا تُفَرِّقُوا
مُّسَنَّد =വളരെ ആസൂത്രണം ചെയ്ത തന്ത്രങ്ങളും അടവുകളും(ഗൂഡാലോചന)
جِيدهَا = ഒരു വിഭാഗത്തിന് ഇഷ്ടപ്പെട്ട ദൗത്യം.
ഇനി നമുക്കു സൂറത്ത് ലഹബ് ഒന്നു നോക്കാം.ഒരു കവർച്ചക്കാരന്റെയും അവന്റെ കൂട്ടുകാരുടെയും സ്വഭാവമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

تَبَّتْ يَدَآ أَبِي لَهَبٍ وَتَبَّ ﴿١﴾

111:01) അഗ്നിയെ അഭിമുഖീകരിക്കുന്ന ഒരു വ്യക്തിയുടെ സഹായവും ശക്തിയുംനശിച്ചിരി/തകർന്നിരിക്കുന്നു.അവൻ സ്വയം തന്നെ നശിച്ചിരിക്കുന്നു.

مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا كَسَبَ ﴿٢﴾

111:02) അവന്റെ സമ്പത്തും, വരുമാനവും അവനു ഉപകരിച്ചില്ല.

سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾

111:03)തീർച്ചയായും അവൻ അഗ്നിയുടെ ജ്വാല അനുഭവിക്കും.

وَٱمْرَأَتُهُۥ حَمَّالَةَ ٱلْحَطَبِ ﴿٤﴾

111:04) സമൂഹത്തിനിടയിൽ  ഭിന്നത ഉണ്ടാക്കാനുള്ള ഇന്ധനം വഹിക്കുന്നവരായ അവന്റെ കൂട്ടുകാരും/വിഭാഗത്തിൽ പെട്ട  ജനങ്ങളും.

فِي جِيدِهَا حَبْلٌ مِّن مَّسَدٍ ﴿٥﴾

111:05)തെറ്റായ അടവുകളെയും തന്ത്രങ്ങളെയും അടിസ്ഥാനമാക്കിയുള്ള രീതികൾ ഉപയോഗിക്കുക എന്നത് ഈ വിഭാഗത്തിന്റെ ഇഷ്ടപ്പെട്ട ദൗത്യമാണ്.

മുകളിൽ ഉദ്ധരിച്ച സ്വഭാവം നമ്മുടെ സമൂഹത്തിൽ സാധാരണ കണ്ടുവരുന്ന സ്വഭാവമാണ് .നാം നമ്മുടെ ചുറ്റുപാടും നോക്കുകയാണെങ്കിൽ മതനേതാക്കന്മാരും,മാധ്യമങ്ങളും അബൂലഹബി(ഒരു പ്രത്യേക വ്യക്തിയല്ല)ന്റെ കാലടികൾ പിന്തുടരുന്നതായി നമുക്കു കാണാൻ കഴിയും. രഹസ്യാന്വേഷണ വിഭാഗങ്ങളെ  അത് പ്രാദേശിക ഏജൻസികളാണെങ്കിലും വിദേശ ഏജൻസികളാണെങ്കിലും(ഉദാഹരണത്തിന് CIA,ISI, RAW,MOSAD, MI-6 മുതലായവ)  അവർ വിവിധ രാജ്യങ്ങളിലെ വിവിധ ജനങ്ങളിലെ വംശവും ജാതിയും വിഭാവും പറഞ്ഞുകൊണ്ടു ഭിന്നതയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് .ഇതിനെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഇറാഖ്, അഫ്ഘാനിസ്ഥാൻ ,പാകിസ്ഥാൻ പോലെയുള്ള മൂന്നാം ലോക രാജ്യങ്ങളിലെ മതതീവ്രാദികൾക്കും തീവ്രഗ്രൂപ്പുകാർക്കും ഇവർ ധനസഹായം നൽകിക്കൊണ്ടിരിക്കുന്നു.അതുപോലെ ചില പ്രത്യേക സംഘടനകൾ  സമൂഹത്തിലെ വ്യക്തികൾക്കിടയിൽ ഭിന്നതയും വിടവും ഉണ്ടാക്കുന്നു .അതിനു ഇവർ ഉപയോഗിക്കുന്നത് വഞ്ചനയും, മുഴുവൻ തെറ്റായ വാദങ്ങളുമാണ്.ഇത്തരം ആളുകൾ എല്ലാകാലത്തും ഉണ്ടായിട്ടുണ്ട് .ഇവരാണ് മനുഷ്യരെ ഭിന്നിപ്പിച്ച് മുതലെടുക്കാൻ ശ്രമിക്കുന്നവർ .ആത്യന്തികമായി ഇവർ നാശത്തെ നേരിട്ടുകൊണ്ടിരിക്കും .കാരണം മനുഷ്യർക്കിടയിലെ ഭിന്നതകൾ ആർക്കും കെടുത്താൻ പറ്റാത്ത രൂപത്തിൽ വളർന്നു കഴിയുമ്പോൾ ഇതിനു തിരി കൊളു

ത്തിയവർക്ക് മാത്രമായി രക്ഷപ്പെടാൻ കഴിയില്ല.അതുകൊണ്ട് ഏതു കാലത്തും മനുഷ്യരെ ഭിന്നിപ്പിക്കാനും അവർക്കിടയിൽ കലാപത്തിന്റെ തീ കൊളുത്തുകയല്ല വേണ്ടത് മറിച്ച് എല്ലാവരും ഒരുമയിൽ ജീവിക്കാനും ഭൗതിക വിഭവങ്ങൾ എല്ലാവരും പങ്കിട്ട് അനുഭവിക്കുയും ശത്രുതയും പകയും ഇല്ലാത്ത ഒരു ലോക ക്രമം കെട്ടിപ്പടുക്കുകയുമാണ് വേണ്ടത്. അതിലേക്കാണ് ഈ അധ്യായം നമുക്ക മാർഗ്ഗ നിർദ്ദേശം നൽകുന്നത്. അല്ലാതെ അബൂലഹബ് എന്ന അറേബ്യയിലെ ഒരു വ്യക്തിയെ നശിപ്പിക്കലോ ശപിക്കലോ അല്ല.

ഖുർആൻ പഠിക്കുക! അതിനെ നിരന്തരം പിന്തുടരുക!! സ്ഥാപിച്ചെടുക്കുക!!!

D